പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7247 3.11.2011-ൽ മറുപടിയ്ക്ക്

'വീട്ടമ്മയുടെ അരുമക്കോഴികൾ പദ്ധതി'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ.റഹീം : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |
| (എ) കെപ്കോ മുഖേന 'വീട്ടമ്മയുടെ അരുമക്കോഴികൾ' എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരികയാണ്. |
| (ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വനിതകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കൾ ആകാൻ ഉദ്ദേശിക്കുന്നവർക്കായി മുൻ നിശ്ചയിച്ച പ്രകാരം പഞ്ചായത്തിന്റെ പൂർണ്ണസഹകരണത്തോടെ രജിസ്ട്രേഷൻ ക്യാമ്പുകൾ നടത്തുന്നതാണ്. രജിസ്ട്രേഷൻ ക്യാമ്പുകൾ നടത്തുന്നതിന് മുമ്പായി ക്യാമ്പ് നടക്കുന്ന സ്ഥലവും തീയതിയും സമയവും കാണിച്ച് നോട്ടീസ് വിതരണം ചെയ്യുകയും പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുന്നതുമാണ്. ഗുണഭോക്താക്കൾ അവർ ബി.പി.എൽ. ആണ് എന്ന് തെളിയിക്കുന്നതിനുള്ള രേഖകളുമായി (റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്) വന്ന് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 45-60 ദിവസം പ്രായമായ 3 കോഴികളെയും 6 കിലോ തീറ്റയും 20 രൂപയുടെ മരുന്നും സൗജന്യമായി നൽകുന്നതാണ്. |

| | |
|---|---|
| (സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കോഴിക്കോട് ജില്ലയിൽ നിന്നും മേപ്പയ്യൂർ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ